ഉത്തരം

(എ) ശ്രീമതി നീരാറാവത്തിന്റെ മൊഴി വീഡിയോ കോൺഫറൻസിംഗ് മുഖേന ബഹുമാനപ്പെട്ട അന്വേഷണ കമ്മീഷൻ നേരിട്ട് രേഖപ്പെടുത്തുകയാണുണ്ടായത്. ഇത് സംബന്ധിച്ച വിവരമൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കണ്ണൂർ ജില്ലയിലെ പോലീസ് സബ് ഡിവിഷണൽ ഓഫീസുകൾ

41 [2471] *ശ്രീ. കെ. പി. മോഹനൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര പോലീസ് സബ് ഡിവിഷണൽ ഓഫീസുകൾ ഉണ്ടെന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) തലശ്ശേരി സബ് ഡിവിഷനിൽ എത്ര സർക്കിൾ ഓഫീസുകളും പോലീസ് സ്റ്റേഷനുകളുമുണ്ടെന്ന് വിശദമാക്കാമോ; ഈ സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ പുതുതായി കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പാനൂർ പോലീസ് സ്റ്റേഷൻ, പാനൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, പാനൂർ പോലീസ് ക്വാർട്ടേഴ്സ് തുടങ്ങിയവയ്ക്ക് എത്ര സെന്റ് ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര സെന്റ് ഭൂമിയിൽ കെട്ടിടം പണിതിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 4 പോലീസ് സബ് ഡിവിഷണൽ ഓഫീസുകളുണ്ട്. അവയുടെ വിവരം താഴെ ചേർത്തിരിക്കുന്നു:

(1) കണ്ണൂർ

(2) തലശ്ശേരി

(3) തളിപ്പറമ്പ്

(4) ഇരിട്ടി

(ബി) തലശ്ശേരി സബ് ഡിവിഷനിൽ 3 സർക്കിൾ ഓഫീസുകളും 8 പോലീസ് സ്റ്റേഷനുകളുമുണ്ട്. ഇവയിൽ ധർമ്മടം, കണ്ണവം, കതിരൂർ പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടമില്ല. ധർമ്മടം സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിച്ചുവരുന്നുണ്ട്.

(സി) പാനൂർ പോലീസ് സ്റ്റേഷന് 96 സെന്റ് ഭൂമിയും പാനൂർ സർക്കിൾ ഓഫീസിന് 28 സെന്റ് ഭൂമിയും പാനൂർ പോലീസ് ക്വാർട്ടേഴ്സിന് 1 ഏക്കർ 73 സെന്റ് ഭൂമിയും ഉണ്ട്. പ്രസ്തുത ഭൂമിയിൽ പണിത കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

പാനൂർ പോലീസ് സ്റ്റേഷൻ: 7½ സെൻറും 5¾ സെന്റും വീതം ചുറ്റളവിൽ ഓരോ കെട്ടിടം.

പാനൂർ സർക്കിൾ ഓഫീസ്: 2½ സെൻറും 3½ സെന്റും വീതം ചുറ്റളവിൽ ഓരോ കെട്ടിടം.

പാനൂർ പോലീസ് ക്വാർട്ടേഴ്സ്: 3½ സെന്റ് വീതം ചുറ്റളവിൽ രണ്ടു കെട്ടിടങ്ങൾ, 4½ സെന്റ് ചുറ്റളവിൽ ഒരു കെട്ടിടം, ഒരു സെന്റ് ചുറ്റളവിൽ ഒരു കെട്ടിടം, 1.8 സെന്റ് വീതം ചുറ്റളവിൽ 7 കെട്ടിടങ്ങൾ.

ആലുവ സെന്റ് മേരീസ് പള്ളിയിലെ ലാത്തിച്ചാർജ്

42 [2472] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*
,, *ടി. എം. ജേക്കബ്:*
,, *കെ. ബി. ഗണേഷ് കുമാർ:*
,, *ഷിബു ബേബി ജോൺ:*
,, *ജോണി നെല്ലൂർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജൂലായ് മാസത്തിൽ നാളിതുവരെ പോലീസ് ഏതെല്ലാം സ്ഥലങ്ങളിൽ ലാത്തിച്ചാർജ്ജ് നടത്തിയിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ ജലപീരങ്കി, ഗ്രനേഡ്, ടിയർഗ്യാസ് എന്നിവ പ്രയോഗിച്ചിട്ടുണ്ട്;

(സി) ഗ്രനേഡ് ഏറ്റ് എത്ര സമരക്കാർക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(ഡി) ആലുവ സെന്റ് മേരീസ് പള്ളിക്കകത്തു കയറിയ പോലീസ് വൈദികരേയും കന്യാസ്ത്രീകൾ അടക്കമുള്ള വിശ്വാസികളെയും മർദ്ദിച്ചിട്ടുണ്ടോ;

(ഇ) ആലുവ സെന്റ് മേരീസ് പള്ളിയിലെ ലാത്തിച്ചാർജ്ജിൽ വൈദികരുൾപ്പെടെ എത്ര പേർക്ക് പരിക്ക് പറ്റി; അവർ ആരെല്ലാം;

(എഫ്) ഇവരെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) പള്ളിയിൽ നിന്നും അറസ്റ്റ് ചെയ്ത ആളുകളെ പോലീസ് ക്യാമ്പിൽ മർദ്ദിച്ചതായി ആരിൽനിന്നെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(എച്ച്) ജൂലൈ മാസത്തിൽ നടന്ന ഈ സംഭവം ഉൾപ്പെടെ ഏതെങ്കിലും പ്രശ്നങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടോ;

(ഐ) ഏതെങ്കിലും സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly